[President]

in admitting adjournment motions I may remind the Hon'ble Members, is this, *viz.*, that it must be of such importance as to justify the breaking through of the normal business of the House. And from the rulings elsewhere given it is said that a matter may be very important, that matter may be very urgent and so on, but still there must be special circumstances to justify the breaking through of the normal business of the House. That is the primary consideration. I am not saying this with regard to this one particular motion. In the light of that I would not be justified in admitting this motion. The matter may be important, the matter may be urgent, but I have my own doubt about the recent occurrence of it. But all the same in view of what I have said I will not admit this motion.

The main consideration about the second motion by Mr. Ipe is that all kinds of restrictions and control in the matter of sale and transport of paddy left behind after the procurement by the Government, are only encouraging black-marketing of that commodity and are causing untold difficulties for the people of Cochin to supplement the poor ration supplied to them by the Government. My observations with regards to the previous motion hold good here and therefore this is also out of order.

Then with regard to No. 3 by Mr. Ipe to criticise the Government for the utter indifference and negligence to do the absolutely necessary help to overcome the difficulties created by this year's severe draught, to carry on the kole and puncha cultivation in 20,000 paras of seed sowing puncha and kole lands situated in Kunnamkulam, Kattakampal, Pazanji and Anjur-Villages of Talappalli Taluk. This is not a matter of recent occurrence, I mean, contemplated by the rules and secondly it does not justify the breaking through of the normal business and more over there is a particular section with regard to this—on the same subject there is a resolution tabled. The motion is therefore out of order.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Is it on that ground that it is going to be ruled out?

Mr. President: Not on that. The next is by Mr. S. P. Luiz regarding the enquiry into the Poringalkuthu complaints and the consequences arising there-from. In so many ways the question of Poringalkuthu affair has come up for discussion but that is not my ground. However my observations with regard to the previous motion that it does not justify the breaking through of the normal business of the House hold good and it is out of order.

The last is from Mr. P. Kumaran Ezhuthassan about the injustice that is patent in the postings of officers consequent on the retirement of Sri. A. Madhava Prabhu. In my view this does not justify the breaking through of the normal course of business.

Mr. P. Kumaran Ezhuthassan *(Vadakkancheri)*; Can I convince you, Sir, that it is admissible and urgently necessary to be discussed.

Mr. President: As I said on a former occasion when I feel doubt about a matter I would call upon the Member to explain. But when matters are so patent and I am convinced that further elucidation is not necessary I make my decision. Of course in cases where I feel a doubt I will call upon the Member to explain.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: We shall have recourse to other methods.

Mr. President: By refusing adjournment motion it does not mean that there are no other method by which the Hon'ble Members can bring the matter up for discussion. When there are other methods why should there be adjournment motions.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Other doors will certainly be tapped, Sir.

3. ANNOUNCEMENT OF BILL ASSENTED TO BY HIS HIGHNESS THE MAHARAJA

Secretary to the Council: I have the honour to announce the following Bill passed by the Council has received the gracious assent of His Highness the Maharaja.

Cochin Irrigation Act Amendment Bill.

4. CONDOLENCE MOTION ON THE DEMISE OF Mr. C. J. CHIRAYATH

മിസ്റ്റർ കെ. എ. രാഘവൻ: സർ, കുറഞ്ഞൊരു കാലം ഈ നിയമസഭയിലെ ഒരു സാമാജികൻ എന്ന നിലയിൽ നമ്മുടെയെല്ലാം സഹപ്രവർത്തകനായിരുന്ന മിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

സി. ജെ. ചിറയത്തിന്റെ അകാലനിര്യാണത്തിൽ ഈ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുവാനുള്ള ഒരു പ്രമേയം അവതരിപ്പിക്കുവാനാണ് ഞാൻ ഈ സഭയുടെ അനുവാദം ആവശ്യപ്പെടുന്നത്. പ്രമേയം ഇതാണ്. *"This Council places on record its deep sense of sorrow on the sad and untimely demise of Sri. C. J. Chirayath who was a Member of this Council"*

കഴിഞ്ഞ മൂന്നു വർഷങ്ങൾക്കിടയിൽ കൊച്ചിയിലെ രാഷ്ട്രീയജീവിതത്തിൽ പ്രധാനമേറിയ ഒരു ഭാഗം വഹിച്ചിരുന്ന ഒരു പ്രവർത്തകനായിരുന്നു മിസ്റ്റർ സി. ജെ. ചിറയത്ത്. അദ്ദേഹത്തിന്റെ അകാലനിര്യാണം കൊച്ചിയിലെ പൊതുജീവിതത്തിനു് ഒരു വലിയ നഷ്ടമാണ് ചെത്തിരിക്കുന്നത്. ഫ ഫ ഫ ൦-ലെ പൊതുതിരഞ്ഞെടുപ്പിലാണ് ശ്രീ. ചിറയത്ത് നെല്ലായി നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട് ഈ നിയമസഭയിലെ ഒരു സാമാജികനായി വന്നത്. അതിനെതുടർന്നുണ്ടായ തിരഞ്ഞെടുപ്പു കേസ്സുകളും ഉപതിരഞ്ഞെടുപ്പുകളും അടുത്തകാലത്തുണ്ടായിട്ടുള്ള അവിസ്മരണീയ ചരിത്രങ്ങളാകയാൽ അവയെ ഇവിടെ പരാമർശിക്കുന്നില്ല. അദ്ദേഹത്തിന്റെ ചുരുങ്ങിയകാലത്തെ നിയമസഭാജീവിതം ഈ നിയമസഭയുടെ ഗൌരവത്തിനും ശ്രേയസ്സിനും ചേർന്നതരത്തിൽ അദ്ദേഹം പ്രശംസനീയമായി നിർവ്വഹിച്ചിരുന്നു എന്നുള്ളതു് ഞാൻ പറയാതെതന്നെ എല്ലാവർക്കും ബോദ്ധ്യമുള്ള ഒരു കാര്യമാണ്. അനന്തരം നിഷ്പക്ഷനായ ഒരു പത്രപ്രവർത്തകൻ, ആത്മാർത്ഥത തികഞ്ഞ ഒരു രാഷ്ട്രീയപ്രവർത്തകൻ, സമുദായസേവകൻ എന്നീ നിലയിലാണ് അദ്ദേഹത്തെ നാം കാണുന്നത്. ആ രംഗങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സേവനം ഒരു പ്രത്യേക വ്യക്തിത്വത്തിന്റെ മായാത്ത മുദ്രകൾ അദ്ദേഹത്തിനു ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. ഉത്തമങ്ങളായ കർത്തവ്യബോധങ്ങൾക്കനുസരിച്ചുള്ള ഒരു പരിപാടിയുമായി എന്തെല്ലാം ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചുകൊണ്ടായാലും പൊതുജീവിതത്തിലിറങ്ങി വിശ്രമമില്ലാതെ പ്രവർത്തിച്ചിരുന്ന ഒരു രാജ്യസ്നേഹിയായിരുന്നു പരേതൻ. "നവലോകത്തിന്റെ പത്രാധിപർ എന്ന നിലയിലും, കൊച്ചിൻ പീപ്പിൾസുകോൺഗ്രസ്സിന്റെ ഒരു സജീവപ്രവർത്തകൻ, കസ്റ്റൻ കൺവെൻഷന്റെ വൈസ്പ്രസിഡണ്ട് എന്നീ നിലകളിലും അദ്ദേഹം പ്രാധാന്യമേറിയ രാജ്യസേവനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹം ആരംഭിച്ചുവെച്ച പ്രസ്ഥാനങ്ങൾ അവയുടെ ലക്ഷ്യത്തിൽ എത്തുന്നതിനുമുമ്പുതന്നെ മൃത്യു അദ്ദേഹത്തെ ഗ്രസിച്ചുകളഞ്ഞു. കുടുംബകാര്യങ്ങൾപോലും അവഗണിച്ചുകൊണ്ട് പൊതുകാര്യങ്ങളിൽ ഇറങ്ങി അല്പായുസ്സായിതീർന്ന മിസ്റ്റർ ചിറയത്തിന്റെ സേവനങ്ങൾ വിസ്മൃതങ്ങളായി പോകുമെന്നു എനിക്കു തോന്നുന്നില്ല. പുരാതനതറവാടൊന്നും വൈദീകപാരമ്പര്യവും കൊണ്ടും പ്രസിദ്ധമായ ചിറയത്തുകുടുംബത്തിൽ ജാതനായ പരേതൻ തന്റെ ൪൯മത്തെ വയസ്സിൽ ക്ലേശസമ്പൂർണ്ണമായ പൊതുജീവിതം പ്രദാനംചെയ്ത് അനാരോഗ്യത്തിന്റെ ഫലമായി ക്ഷയരോഗബാധിതനായി മരിക്കുകയാണ് ഉണ്ടായത്. അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം നമുക്കും അനുശോചിക്കാം. പരേതന്റെ ആത്മാവിനു് നിത്യശാന്തി നേർന്നുകൊള്ളുന്നു.

മിസ്റ്റർ സി. എസ്. പണിക്കർ: സർ, ഈ അനുശോചനപ്രമേയത്തെ ഞാനും പിന്താങ്ങുന്നു. ശ്രീ ചിറയത്തുമായി എനിക്കു കുറച്ചുകാലമായിട്ടുണ്ടായിട്ടുള്ള പരിചയത്തിൽ നിന്നു് അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ചു് ഇവിടെ കീർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. വളരെയെല്ലാം ആത്മാർത്ഥത തികഞ്ഞ പൊതുപ്രവർത്തകൻ, അദ്ധ്യാപകൻ, സ്റ്റീംമാനേജർ എന്നീ വിവിധ തുറകളിൽ ശ്രീ. ചിറയത്തു പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിൽ എല്ലാറ്റിനും ഉപരിയായിട്ടുള്ള ഒരു ഗുണമുണ്ട്. അതായതു് താൻ ഒന്നിനു് ഇറങ്ങിയിട്ടുണ്ടെങ്കിൽ അതിനെ അങ്ങേഅറ്റംവരെ എത്തിക്കുവാനുള്ള ഒരു ദൃഢനിശ്ചയം അദ്ദേഹത്തിന്റെ പ്രവൃത്തിപരിപാടികളിൽ ഉണ്ടായിരുന്നു എന്നുള്ളതാണ്. ആ ഒരൊറ്റ ഗുണമാണ് മറ്റെല്ലാഗുണത്തേക്കാളും ഉപരിയായി ഞാൻ അദ്ദേഹത്തിൽ കാണുന്നതു്. അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊള്ളുന്നു.

Mrs. T. Francis (*Ernakulam-Women*): It is my melancholy duty to support this condolence motion on the untimely and unexpected demise of Mr. C. J. Chirayath. Mr. C. J. Chirayath was a Member of this Council from about 1120—I think when we started this Council. He was elected from the Nellai Constitutency. Then after being in the Council for a short period he had to leave the Council and contest another election In that he most vigorously fought though he was defeated. He had to fight legally a fight for establishing his rights in the Court of Elections. There, of course, he had his gains and he was finally defeated also. I do not want to narrate all those

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

events now. This is not the opportunity for that. All that I have to say is that he was a public worker. He strived a great deal in the political fields and also in other fields. He was also an organisor of the All Cochin Christian Convention, and became the Vice President of that organisation. He most ardently worked for the success and up-keep of that organisation. In the midst of all these endeavours he forgot himself. He forgot his body and all other interests of his family and worked for the public good and thereby he had an untimely and unexpected death. He served the public not only in this way. He was the editor of the Navalokam. So he was a man who had come into the world for sacrifice and to work for the public. He lost a lot of money and so his famliy is now in debt. He has left behind a large family of eight or nine children who are now put into a precarious state. Under all these circumstances we have to feel very much for this lost soul. I pray that Almighty God may grant him peace and rest in the other world.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, നാഷണലിസ്റ്റ് പാർട്ടിയുടെ സിക്രട്ടറിയും ആ പാർട്ടി ജനിച്ചതിയ്യതിമുതൽ അതിലെ ഒരംഗവുമായിരുന്ന പരേതൻ ശ്രീമാൻ ചിറയത്തി ന്റെ അകാലനിയ്യാണത്തിൽ അനുശോചനം പ്രകടിപ്പിച്ചുകൊണ്ട് ഇവിടെ കൊണ്ടുവന്നി ട്ടുള്ള പ്രമേയത്തിലും അവതാരകന്റെ പ്രസംഗത്തിലും അടങ്ങിയിട്ടുള്ള എല്ലാ സംഗതിക ളോടും ഞാൻ യോജിക്കുന്നു. പ്രമേയഅവതാരകൻ പീപ്പിൾസ് കോൺഗ്രസ്സിന്റെ സജീ വപ്രവർത്തകൻ എന്ന നിലയിൽ പരേതനെ വിവരിക്കുകയുണ്ടായി. ഞാൻ രണ്ടുവാക്ക് സംസാരിക്കണമെന്നു വിചാരിക്കുന്നതു് പ്രധാനമായിട്ട് അദ്ദേഹത്തിനു് പീപ്പിൾസ് കോ ൺഗ്രസ്സുമായിട്ടുള്ള ബന്ധത്തെ ആസ്പദിച്ചാണു്. പീപ്പിൾസ് കോൺഗ്രസ്സ് ജനിച്ച ആ തീ യ്യതിമുതൽ അല്ല, അങ്ങിനെയൊരു കക്ഷി വേണമോ എന്നുള്ള ആലോചന തുടങ്ങിയ തിയ്യ തിമുതൽ ആ സ്ഥാപനത്തിനുവേണ്ടി തന്റെ കഴിവുകളിൽ അധികം യത്നിക്കുവാൻ സന്മ നസ്സുകൊണ്ടു മുന്നോട്ടുവന്നിട്ടുള്ള ഒരു മാന്യദേഹമായിരുന്നു ശ്രീമാൻ ചിറയത്തു്. അദ്ദേഹ ത്തിന്റെ നഷ്ടം കൊച്ചിരാജ്യത്തിനു പൊതുവെ രാഷ്ട്രീയരംഗത്തിലും സാമൂഹ്യരംഗത്തിലും ഒരുപോലെയുള്ള ഒരു നഷ്ടമാണു്. എന്നുള്ളതിനുപുറമെ വളർന്നവരുന്ന, വളർത്തിക്കൊണ്ടു വരണമെന്നു വിചാരിക്കുന്ന, വളർന്നവരുമെന്നു നിസ്സംശയം വിശ്വസിക്കാവുന്ന പീപ്പിൾസ് കോൺഗ്രസ്സിനു വലിയ ഒരു നഷ്ടമാണു്. പക്ഷെ ഒരു സമാധാനമേയുള്ളു. ഒരാൾ ഇല്ലാ തെയായാൽ ആ ഒഴുക്കിന്റെ നഷ്ടം നികത്തുന്നതിനു സാദ്ധ്യമല്ലെന്നു സാധാരണ പറയാറുണ്ടെ ങ്കിലും ലോകത്തിൽ അങ്ങിനെയൊന്നില്ലെന്നാണു് എന്റെ വിശ്വാസം. വ്യക്തികൾ എതു രംഗത്തിൽ പ്രവൃത്തിക്കുന്നവരായാലും വിരോധമില്ല ഒരാൾ ഇല്ലാതായാൽ ആ സ്ഥാനം താ നെ നികന്നുവരും. ആ നിലക്കു ശ്രീമാൻ ചിറയത്തിന്റെ നിയ്യാണത്തിൽ പാർട്ടിയുടെ നഷ്ടത്തെപ്പറ്റി വ്യസനിക്കാനില്ലെങ്കിലും ഒന്നു പോയിക്കാണുവാൻകൂടി സാധിക്കാത്തവിധ ത്തിൽ അദ്ദേഹം പൊടുന്നനവെ മരിച്ചുപോയതിനാൽ ഞാൻ അത്യധികം വ്യസനിക്കുന്നു. ശ്രീമാൻ ചിറയത്തിനെ ഞാൻ പരിചയപ്പെട്ടതു് ആമ്പല്ലൂർ ഒരു യോഗത്തിൽ പ്രസംഗിക്കു വാൻ പോയ അവസരത്തിലാണു്. അതു് വളരെ കൊല്ലങ്ങൾക്കുമുമ്പു്, അദ്ദേഹം മെയിൽ പത്രത്തിന്റെ പ്രവർത്തകനായിരുന്ന കാലത്താണു്. അങ്ങിനെയുണ്ടായ പരിചയം ഈ നി യമസഭയിൽവെച്ചു പുതുക്കുവാൻ ഇടയായി. പരേതൻ ഒരു നല്ല നിയമസഭാസാമാജിക നാകുമെന്നദ്ദേഹം രണ്ടു സെഷൻകൊണ്ടു തെളിയിച്ചു. മൂന്നാമത്തെ സഭായോഗത്തിനിരി ടെ ഹാജരാവാൻ തരമാവാത്തവിധത്തിൽ തിരഞ്ഞെടുപ്പുകോടതി വിധിയെഴുതി. ആ വി ധിയേയും തുടർന്നുണ്ടായ തിരഞ്ഞെടുപ്പും കേസ്സും വിധിയും അതിനുശേഷമുള്ള ചേതികളും എവക്കും അനുഭവസംഗതികളാണു്. ഇതിലധികം അതിനെപ്പറ്റി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

അടുത്തകാലത്തു് അദ്ദേഹം പുരോഗമിച്ചുതായ "നവലോകം" പത്രം അതിൽ പറയുന്ന സംഗതികളും മുഴുവൻ ശരിയാണെന്നു ഞാൻ വാദിക്കുന്നില്ല. എങ്കിലും അതിൽ പറയുന്ന പല സംഗതികളും നോക്കിയാൽ ശ്രീമാൻ ചിറയത്തിന്റെ യഥാർത്ഥ വിഗ്രഹം നമുക്കു കാ ണുവാൻ സാധിക്കും. അങ്ങിനെയുള്ള ആത്മമിത്രത്തിന്റെ വിയോഗത്തിൽ അനുശോചിച്ചു കൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ: പരേതനായ ശ്രീമാൻ ചിറയത്തുമായി ഈ കൌ ൺസിലിൽ ഒന്നിച്ചിരുന്നു ജോലിചെയ്യുന്നതിനു എനിക്കു സൌകര്യം ലഭിച്ചിട്ടില്ല. അ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ദ്ദേഹത്തെ കുറെ കാലംമുമ്പുതൽതന്നെ എനിക്കറിയുവാൻ സാധിച്ചിട്ടുണ്ട്. ആദ്യം അദ്ദേഹം മലിരാശിയിൽനിന്നും പുറപ്പെട്ടന്ന മെയിൽ പത്രത്തിന്റെ ഒരു എഡിറ്റർ അതിന്റെ ഒരു ലേഖകനുമായിരുന്നു. താമസിയാതെ അദ്ദേഹം രാഷ്ട്രീയരംഗത്തു പ്രവേശിച്ചതു. മിസ്റ്റർ ചിറയത്തിനെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തെപ്പോലെ ഉശിരും ചുണയുമുള്ള ആളെ സാധാരണ കാണുവാൻ പ്രയാസമാണ്. അദ്ദേഹം എതെങ്കിലും ഒരു പ്രവൃത്തിക്കു പുറപ്പെട്ടുന്നതായാൽ അതു സാധിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ജീവൻതന്നെയും ഉഴിഞ്ഞിടുവാൻ തയ്യാറാകും. അങ്ങിനെയുള്ള ഒരു വ്യക്തിയുടെ നിലയിലാണ് എനിക്ക് അദ്ദേഹത്തെ വീക്ഷിക്കുവാൻ കഴിഞ്ഞിട്ടുള്ളതു. രാഷ്ട്രീയരംഗത്തു് അദ്ദേഹം ആദ്യമായി പ്രവേശിച്ചതു് നെല്ലായി തിരഞ്ഞെടുപ്പിലാണ്. അവിടെതന്നെ മൂന്നു തിരഞ്ഞെടുപ്പുകളും വളരെ ചുണയോടും ഉശിരോടുംകൂടി അദ്ദേഹം നടത്തിയിട്ടുണ്ട്. അതോടുകൂടി രണ്ടു കേസ്സുകളും. സാധാരണക്കാരായ ആളുകൾക്കു ധാരാളം വിശ്രമമുള്ള ഇവക കാര്യങ്ങളിൽ ചെന്നുചാടുവാൻ മടിയുണ്ടാകും. അതേ അവസരത്തിൽ അദ്ദേഹം All Cochin Christian Convention വേണ്ടി പ്രവർത്തിക്കുന്നു. വാസ്തവത്തിൽ ക്രസ്ത്യൻ കൺവെൻഷൻ നടത്തിയതു മിസ്റ്റർ ചിറയത്തുതന്നെയാണ് എന്നു പറയുന്നതായാൽ അതിൽ വാദപ്രതിവാദത്തിന്നിടയുണ്ടാകുമെന്നു തോന്നുന്നില്ല. തീർച്ചയായും അദ്ദേഹം വളരെയധികം അതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹമില്ലെങ്കിൽ അന്നു കൂടിയ മഹാസഭയിൽ അത്രയും ആളുകൾ കൂടുമോ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹത്തിനു വളരെ അധികംകാലം രാഷ്ട്രീയരംഗത്തും സമുദായരംഗത്തും പ്രവർത്തിക്കുന്നതിനു ഇടയാകാതെവന്നതിൽ നാം വളരെ വിഷമിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കുടുംബകാര്യവുംകൂടി ഉപേക്ഷിച്ചിട്ടാണ് അദ്ദേഹം ഇവക കാര്യങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതെന്നു പറയാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് ഞാൻ ഈ അനുശോചനപ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. എച്ച്. സുബൈമാൻ: സർ, പരേതനുമായി എനിക്കു നേരിട്ടു പരിചയമില്ലെങ്കിലും പല സാമാജികന്മാരും ഇവിടെ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽനിന്നു് അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ചു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എനിക്ക് അദ്ദേഹത്തോടു ബഹുമാനം തോന്നുവാനുള്ള ഒരു പ്രത്യേക കാരണമുണ്ട്. അദ്ദേഹം എല്ലാ സംഗതിയിൽ വിശ്വസിച്ചിരുന്നുവൊ ആ സംഗതിയുടെ നിർവ്വഹണത്തിന്നായി കൂടുതൽ ആത്മാർത്ഥതയോടുകൂടി പ്രവർത്തിച്ചിട്ടുണ്ട് എന്നു കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അന്നന്നു മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികൾ അനുസരിച്ചു് ഉദ്ദേശം മാറാതെ മനോനിലയിൽ അദ്ദേഹത്തിനു നില്പുവാൻ അവസാനംവരെ സാധിച്ചിട്ടുണ്ട്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് മുസ്ലിംസമുദായത്തിനുവേണ്ടി അദ്ദേഹം തന്റെ പത്രംമുഖേന നടത്തിയിട്ടുള്ള സേവനത്തെപ്പറ്റിയാണ്. എതെല്ലാം അവസരങ്ങളിൽ ഗവർമ്മെണ്ടു് മുസ്ലിമീങ്ങളുടെ അവകാശത്തെ നിഷേധിക്കുകയൊ വകവെക്കാതിരിക്കുകയൊ ചെയ്തിട്ടുണ്ടൊ ആ അവസരങ്ങളിലെല്ലാം നിർഭയമായി ഉശിരോടുകൂടി ആവക കാര്യങ്ങളെപ്പറ്റി അദ്ദേഹം അദ്ദേഹത്തിന്റെ പത്രത്തിൽ എഴുതിയിട്ടുണ്ട്. മുസ്ലിംസമുദായത്തിന്റെ പേരിൽ പരേതന്റെ കുടുംബത്തോടൊപ്പം ഞാനും അനുശോചിക്കുന്നു.

Mr K. Balakrishna Menon (*Minister for food and education*): Government desire to associate with all the sentiments expressed with regard to the deceased and support this motion. *May his soul rest in peace.*

Mr. S. P. Luiz (*Nominated*): On behalf of the Anglo-Indians of Cochin and on behalf of the Cochin Christian Union I have the greatest pleasure to support this sad resolution. Sir, I had the pleasure of gaining the acquaintance of Mr. Chirayath in the Council and at even though I had not known him in his social and political aspirations. Subsequently gathered what his purpose in the social career was. I must confess that it has been a revelation in me, and his doings cannot be forgotten by the Christians of Cochin as a whole. Sir, as a co-worker of the Christian Convention and as a co-Office-bearer of the Christian Union, I found in the late Mr. Chirayath a friend, well-wisher; virtually I may say he was even a martyr to his community. His last days were spent most vigorously, in spite of doctor's advice to take complete rest. And he used those days most irresponsibly working ardently for the promotion of the Christian Union. This fact has been recorded by the Christians of Cochin and his memory will always be cherished and we shall always perpetuate his memory. In associating with the feelings of this House, I have the greatest pleasure in praying for the departed soul.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: Mr. Chirayath was a member of this Council for a short time and during this short period of his member-ship he proved himself to be a very useful and active member. Those of us who knew him must have been struck by the great I mean, by the unbounded energy which he possessed, the dogged perseverance which he had in any matter that he undertook and more than all that his great powers of endurance. Sometimes I myself have been struck by the hard manner in which he worked. On one occasion I found it necessary to advise him not to neglect his health so much I recall that incident, namely, when I was lodging in a certain building of his, I found him actrually vomitting blood. I thought it was something very serions. After such an attack nobody would even dare to get out. But I found Mr. Chirayath soon after that taking an umbrella and coolly getting out. On that occasion, I told him not to neglect his health to that extent. Any way I mentioned this just to show the wonderful endurance he had and how hard he worked for any cause which he undertook. His services for the public well-being of Cochin are well-known and have been mentioned here by Hon'ble Members. I associate myself with all the sentiments expressed here and let us all pray for the repose of the departed soul.

Hon'ble Members will please stand up in their seats and observe silence for two minutes.

The motion was passed all the members standing and observing silence as a mark of respect to the deceased.

(2) On the demise of Mr. T. C. Iyyukutty

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഞാൻ അവതരിപ്പിക്കുവാൻ പോകുന്ന പ്രമേയം ഇതാണ് "*This Council places on record its deep sense of sorrow on the sad and untimely demise of Sree T. C. Iyyakutty, B. A. who was for some time an elected member of this house.*" ഈ പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി കൊണ്ടുവന്നതിൽ ഒരുപക്ഷെ ഞാൻ ഒരു കയ്യേറ്റം ചെയ്തിട്ടില്ലേയെന്നു് സംശയിക്കുന്നു. തലപ്പിള്ളി താലൂക്കിലെ ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിട്ടു ഈ നിയമസഭയിൽ മൂന്നു കൊല്ലകാലത്തോളം പ്രവൃത്തിയെടുത്തിട്ടുള്ള പരേതന്റെ നിയോജകമണ്ഡലം എന്റെ നിയോജകമണ്ഡലത്തോടാം കുറെക്കൂടി അടുത്തു കിടക്കുന്ന കുന്നംകുളം നിയോജകമണ്ഡലത്തിനു തൊട്ടതാകയാൽ ഈ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശം കുന്നംകുളം മെമ്പർക്കു് വിട്ടുകൊടുക്കേണ്ടതായിരുന്നെന്നു് എനിക്കിപ്പോൾ തോന്നുന്നുണ്ടു്. പക്ഷെ, കുന്നംകുളവും, പഴഞ്ഞിയും വളരെ അടുത്താണെങ്കിലും, നിയമസഭയിൽ പ്രവേശിച്ചതു മുതൽ ഏതു നിമിഷത്തിലും വളരെ അടുപ്പത്തോടുകൂടി കഴിഞ്ഞുകൂടിയിരുന്ന എന്റെ ഒരു സ്നേഹിതനാണു് പരേതൻ. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചതു്. ഈ കാര്യത്തിൽ ശ്രീമാൻ ഐപ്പു് എനിക്കു മാപ്പുതരുമെന്നു് വിശ്വസിക്കുന്നു.

തകലത്തു് ചുമ്മാരുകുട്ടി, ഇയ്യുക്കുട്ടി എന്നാണു് അദ്ദേഹത്തിന്റെ മുഴുവൻ പേരെങ്കിലും ടി. സി. ഇയ്യുക്കുട്ടിയെന്നാണു് പറഞ്ഞുവരാറുള്ളതു്. [illegible] നടന്ന തിരഞ്ഞെടുപ്പിൽ, ആ തിരഞ്ഞെടുപ്പിൽമാത്രം ഉണ്ടായിരിന്നതായ പഴഞ്ഞി നിയോജകമണ്ഡലത്തിലെ ഒരു പ്രതിനിധിയായിട്ടാണു് അദ്ദേഹം ഇവിടെ വന്നതു്. അതിനു മുമ്പു് പഴഞ്ഞി നിയോജകമണ്ഡലമില്ല. അദ്ദേഹം [illegible] മിഥുനം [illegible]-ാംനു- യാണു് ഈ നിയമസഭയിൽ ആദ്യമായി ഹാജരായി സത്യപ്രതിജ്ഞ ചെയ്തതു്. മൂന്നു കൊല്ലത്തെ ആ നിയമസഭയുടെ കാലാവധിക്കുശേഷം [illegible] മീനം [illegible]-ാംനു- യോടുകൂടി അദ്ദേഹത്തിന്റെ നിയമസഭാ സാമാജികത്വം അവസാനിക്കുകയും ചെയ്തു. അതിനുശേഷം പഴഞ്ഞി നിയോജകമണ്ഡലം ഉണ്ടായിട്ടില്ല. അതു് തുടർന്നിരുന്നുവെങ്കിൽ ശ്രീമാൻ ഇയ്യുക്കുട്ടി ഏകദേശം വരെ നീണ്ടുനിന്ന പിന്നത്തെ നിയമസഭയിലും ഒരംഗം അകമായിരുന്നു. അദ്ദേഹവും അവിടെയുള്ള ജനങ്ങളുമായിട്ടുള്ള പെരുമാറ്റം അങ്ങിനെയായിരുന്നു. ഇനി പഴഞ്ഞി നിയോജകമണ്ഡലം തുടരുകയാണെങ്കിൽ—തുടരുമെന്നതു തീർച്ചയാണു്—ആ അവസരത്തിൽ മിസ്റ്റർ ഇയ്യുക്കുട്ടി മരിച്ചിട്ടില്ലെങ്കിൽ ആ പുതിയ പഴഞ്ഞി നിയോജക മണ്ഡലത്തിലെ അംഗമായിട്ടു് അദ്ദേഹം വരുമായിരുന്നുവെന്നു് എനിക്കു വിശ്വാസമുണ്ടു്. പക്ഷെ, ദൈവം അതിനു് സംഗതി വരുത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly